രിച്ച്, ഇന്നലെ പറഞ്ഞതാണ് - സിങ്കപ്പൂരിലെ TICK JOK എന്ന കമ്പനിക്ക് 50,000 ടൺ റബ്ബർ സിങ്കപ്പൂരിൽ വിറ്റഴിക്കുന്നതിനുവേണ്ടി നൽകാൻ കഴിയുമോ യെന്ന് കേന്ദ്ര വാണിജ്യവകുപ്പുമന്ത്രിക്ക് ഒരു കത്ത് ലഭിച്ചു. ആ കത്തിന്റെ കോപ്പി വാണിജ്യവകുപ്പ് സെക്രട്ടറി റബ്ബർബോർഡിനയച്ചു. ആ കത്തിന്റെ കോപ്പി റബ്ബർ ബോർഡ് ചെയർമാൻ കൃഷി വകുപ്പ് സെക്രട്ടറിക്ക് അയച്ചു. അത് എന്റെ ശ്രദ്ധയിൽപ്പെടുത്തി. ഉടനെതന്നെ ബഹുമാനപ്പെട്ട മുഖ്യമ ന്ത്രിയും മറ്റ് മന്ത്രിമാരുമായി ചർച്ചചെയ്ത് തീരുമാനമെടുത്തു. അതായത് എന്ത് നഷ്ടം സഹിച്ചും 50,000 ടൺ റബ്ബർ സിങ്കപ്പൂരിൽ കയറ്റി അയക്കാനായി റബ്ബർ ബോർഡ് ഉത്തരവ് നൽകാനാണ് പറഞ്ഞത്. അങ്ങനെ ഉത്തരവ് നൽകി. ഇതുവരെ അവരുടെ കൈയിൽനിന്നും ഒരു ഓഫറും കിട്ടിയിട്ടില്ല. അവരുടെ പ്രതിനിധിയുമായിട്ട് ചർച്ചചെയ്യാൻ അഗ്രിക്കൾച്ചറൽ പ്രൊഡക്ഷൻ കമ്മിഷണർ ഡെൽഹിയിൽ പോയിരിക്കുകയാണ്. അവരുടെ പ്രതിനിധികളു മായിട്ട് ചർച്ച ചെയ്ത് അവരുടെ ഓഫർ വ്യവസ്ഥകൾ എന്തെന്ന് മനസ്സി ലാക്കി 50,000 ടൺ റബ്ബർ എന്ത് നഷ്ടം സഹിച്ചും ഈ ഗവൺമെന്റ് കയറ്റി അയക്കും. അതാണ് ഗവൺമെന്റിന്റെ പ്രഖ്യാപിതമായ നയം. അക്കാര്യം ഇവിടെ പറഞ്ഞതാണ്. അതിൽനിന്ന് ഒരിഞ്ച് ഗവൺമെന്റ് പുറകോട്ടു പോകുന്ന പ്രശ്നമില്ല. ഇപ്പോൾ ഈ ഗവൺമെന്റ് സ്വീകരിച്ച നടപടിയുടെ ഫലമായിട്ട് ഗ്രേഡ് തിരിച്ച ആർ.എസ്.എസ്-4 റബ്ബറിന് 33.50 രൂപ മാർക്കറ്റ് വിലയായി കിട്ടുന്നുണ്ട്. മുമ്പ് 27 രൂപവരെയായി കുറഞ്ഞതാണ്. ഇപ്പോൾ 33 രൂപ 50 പൈസയായി. ഇനിയും ഉയരുമെന്നുള്ളതാണ് ഗവൺമെന്റിന്റെ പ്രതീ ക്ഷ. റബ്ബർ ശേഖരിക്കുന്ന കാര്യത്തിലാണെങ്കിൽ ഇനിയും മാർക്കറ്റിംഗ് ഫെഡറേഷൻ വേണ്ടത്ര വിജയിച്ചിട്ടില്ല. ഇനി ഒരു കാര്യംകൂടി പറയട്ടെ: ബഹു മാന്യനായ മാണിക്ക് പാലാഴി ടയേഴ്സ് എന്ന ഒരു കമ്പനിയുണ്ട്. ആ കമ്പനി റബ്ബർ ശേഖരിക്കാൻ തയ്യാറാണെങ്കിൽ റബ്ബർ ശേഖരിക്കുന്നതിന് മാർക്കറ്റ് വിലയേക്കാൾ 50 പൈസ അധികം കൊടുക്കാനും 50 പൈസ ഒരു കിലോഗ്രാ മിന് ഹാന്റ്ലിംഗ് ചാർജ്ജ് കൊടുക്കാനും സർക്കാർ തയ്യാറാണ്. അദ്ദേഹം റബ്ബർ ശേഖരിക്കാൻ മുന്നോട്ടു വരണം. അല്ലെങ്കിലും റബ്കോ വാങ്ങും. അങ്ങ് ഈ സ്ഥാപനമുണ്ടാക്കിയിട്ടുള്ളത് റബ്ബർ കൃഷിക്കാരെ സഹായിക്കാ നല്ലേ? അങ്ങ് ശേഖരിച്ചുകൊള്ളൂ. മാർക്കറ്റ് വിലയേക്കാൾ 50 പൈസ അധികം കൊടുത്ത് അങ്ങ് ശേഖരിച്ചുകൊള്ളൂ. ഹാന്റ്ലിംഗ് ചാർജ്ജ് കിലോഗ്രാമിന് 50 പൈസ വച്ച് തരാം. കണക്കുതീർത്ത് കാശ് തരാം. അതിനുകൂടി അങ്ങ് തയ്യാ റാകണം. റബ്ബർകൃഷിക്കാരോട് വളരെ സഹാനുഭൂതിയാണ് സർക്കാരിനുള്ള ത്. അവരുടെ താൽപ്പര്യം സംരക്ഷിക്കാൻ സംസ്ഥാന സർക്കാർ പരമാവധി ശ്രമങ്ങൾ നടത്തുന്നുണ്ട്.

(2) ജവാൻമാരുടെ വീടുകളിൽ ടെലിഫോൺ കണക്ഷന് മുൻഗണന

<u>ശ്രീ. പി. വിശ്വൻ</u> : സർ, വളരെ പ്രധാനപ്പെട്ട ഒരു വിഷയം ഞാൻ സഭ യുടെ മുൻപിൽ കൊണ്ടുവരികയാണ്. നമ്മുടെ നാടിന്റെ അതിർത്തി കാത്തു സൂക്ഷിക്കുന്ന ജവാൻമാർ രാജ്യത്തിന്റെ കാവൽഭടൻമാരാണ്. ഇപ്പോൾത്തന്നെ രാജ്യത്തിലേക്ക് നുഴഞ്ഞുകയറി രാജ്യത്തെ ഛിന്നഭിന്നമാക്കാൻ ശ്രമിച്ചവരെ തുരത്തി ഓടിക്കാൻ പോരാടി ജീവൻ ബലിയർപ്പിച്ച വീരയോദ്ധാക്കൾ നിരവ ധിയാണ്. ധീരയോദ്ധാക്കളുടെ വിവരമറിയാൻ ഓരോ കുടുംബത്തിനും ആ കുടുംബം അടങ്ങുന്ന നാട്ടുകാർക്കും വലിയ ഉത്കണ്ഠയുണ്ട്. ആ ഉത്കണ്ഠ വിവരണാതീതമാണ്. അതുകൊണ്ട് സഭാനേതാവിനോട് ഞാനഭ്യർത്ഥി

LIBRARY ARCHIVES Kerala Legislative Assembly

ക്കുന്നത് ജവാൻമാരുടെ വീടുകളിൽ ടെലിഫോൺ കണക്ഷൻ ലഭ്യമാക്കുന്നതിന് ഇവരെ പ്രയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ ഈ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്നാണ്.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സ്പീക്കർ സർ, ധീരയോദ്ധാക്കൾ രാജ്യത്തിന്റെ അതിർത്തി സംരക്ഷിക്കാൻ പോരാടുമ്പോൾ അവരുടെ വീടുകളിൽ ടെലിഫോൺ കണക്ഷൻ ലഭ്യമാക്കാൻ പ്രയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്നതാണ് ആവശ്യം. ഇപ്പോൾ നിലവിലിരിക്കുന്ന വ്യവസ്ഥകൾ അനുസരിച്ച് ജവാൻമാരുടെ വീടുകളിൽ ടെലിഫോൺ നൽകുന്നതിന് പ്രത്യേക പ്രയോറിറ്റി ഇല്ല. പ്രയോറിറ്റി നൽകേണ്ടത് കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള ടെലികോം വകുപ്പാണ്. വിദൂരവും ദുർഘടവുമായ അതിർത്തി പ്രദേശങ്ങളിൽ പോരാടുന്ന ജവാൻമാരെക്കുറിച്ചുള്ള വിവരങ്ങൾ അറിയാൻ അവരുടെ കുടുംബാംഗങ്ങൾക്കുള്ള ആശങ്കയും ആകാംഷയും ഉത്കണ്ഠയും സർക്കാർ പൂർണ്ണമായും ഉൾക്കൊള്ളുന്നു. അതുകൊണ്ട് ജവാൻമാരുടെ കുടുംബാംഗങ്ങൾക്ക് ടെലിഫോൺ കണക്ഷൻ ലഭിക്കാൻ അവരെ മുൻഗണനാലിസ്റ്റിൽപ്പെടുത്താൻ കേന്ദ്രഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നതും അതിനാവശ്യമായ നടപടികൾ ഉടനടി സ്വീകരിക്കാൻ ടെലികോം അധികൃതർക്ക് നിർദ്ദേശം നൽകണമെന്ന് ആവശ്യപ്പെടുന്നതുമാണ്.

(3) കുന്ദമംഗലം സി.ഡബ്ല്യു.ആർ.ഡി.എം-ൽ ഇന്റേണൽ ആഡിറ്ററുടെ നിയമനം

ശ്രീ. സി.പി. ബാലൻ വൈദ്യർ : സർ, കോഴിക്കോട് ജില്ലയിൽ കുന്ദമംഗലത്തു പ്രവർത്തിച്ചുവരുന്ന പ്രധാനപ്പെട്ട ഒരു സ്ഥാപനമാണ് സി.ഡബ്ല്യു. ആർ.ഡി.എം. ഈ സ്ഥാപനം തുടങ്ങിയതുതൊട്ട് അവിടെ ഇന്റേണൽ ആഡിറ്റർ എന്നൊരു തസ്തികയുണ്ട്. നിലവിലുള്ള ചട്ടങ്ങളും വ്യവസ്ഥകളും മറികടന്നുകൊണ്ട് നേരിട്ട് അക്കൗണ്ടന്റിനെപ്പോലെ കീഴ്ജീവനക്കാരനാക്കി ഇന്റേണൽ ആഡിറ്ററായി ഒരാളെ നിയമിക്കാനുള്ള തെറ്റായ തീരുമാനം എടുത്തിരിക്കുകയാണ്. ഇത് സംബന്ധിച്ച് ഗവൺമെന്റ് ഒരു പരാതി കൊടുത്തതിന്റെ അടിസ്ഥാനത്തിൽ ഗവേണിംഗ് ബോഡിയുടെ ചെയർമാൻകൂടിയായ ജലസേചന വകുപ്പുമന്ത്രി ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർക്കെതിരായി നടപടിയെടുക്കണമെന്നാവശ്യപ്പെട്ടു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഓഫീസിലും ആ നിലയിൽ അംഗീകരിച്ചു എന്നാണ് അറിയുന്നത്. പക്ഷേ എവിടയോ കുടുങ്ങിക്കിടന്ന് ഇതുവരെ നടപടി എടുത്തിട്ടില്ല. അതുപോലെ കുറേ അഴിമതികൾ ഈ സ്ഥാപനത്തിൽ നടക്കുന്നുണ്ട്. ആ അഴിമതികളെ സംബന്ധിച്ചും അന്വേഷണം നടത്തണമെന്ന് ഗവൺമെന്റിനോടാവശ്യപ്പെട്ടിട്ടുണ്ട്. ഇക്കാര്യം വളരെ ഗൗരവമായിട്ടെടുക്കണം; ഗവൺമെന്റ് തീരുമാനത്തെ ധിക്കരിക്കുന്നവർക്കെതിരെ കർശനനടപടി സ്വീകരിക്കണമെന്ന് മുഖ്യമന്ത്രിയോടഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സ്പീക്കർ സർ, കോഴിക്കോട് ജില്ലയിൽ കുന്ദമംഗലത്ത് പ്രവർത്തിച്ചുവരുന്ന സി.ഡബ്ല്യു.ആർ.ഡി.എം-ൽ ഇന്റേണൽ ആഡിറ്ററെ നിയമിച്ചതിൽ ചട്ടങ്ങളും നിയമങ്ങളും ലംഘിച്ചിട്ടുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ നിയമനമടക്കം പ്രസ്തുത സ്ഥാപനത്തിൽ നടന്നിട്ടുള്ള ക്രമവിരുദ്ധ നടപടികൾക്കുത്തരവാദികളായ ഉദ്യോഗസ്ഥൻമാരുടെ പേരിൽ കർശനമായ ശിക്ഷണ നടപടികൾ സ്വീകരിക്കു

LIBRARY ARCHIVES Kerala Legislative Assembly